**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
**E-mail: ceekinfo.cee@kerala.gov.in**
**Telephone: 0471 – 2525300 , 2332120, 2338487**

നം.CEE/909/2024-TA3 തീയതി : 26-11-2025

പ്രവേശന പരീക്ഷാ കമീഷണർ

പ്രിൻസിപ്പൽ
ലോ കോളേജ്

സർ,

വിഷയം:- പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം – പഞ്ചവൽസര/ ത്രിവത്സര എൽ എൽ ബി കോഴ്സികളിലേക്കുള്ള പ്രവേശനം-2025- ട്രാൻസ്ജെൻഡർ വിഭാഗത്തിലുൾപ്പെട്ട അപേക്ഷകർക്ക് അധിക സീറ്റുകൾ അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1. സർക്കാർ ഉത്തരവ് നമ്പർ - G.O.(Rt) No. 961/2025/HEDN dt. 21.07.2025
2. ബാർ കൗൺസിൽ ഉത്തരവ് നമ്പർ -BCI:D:7827/2025 dt. 04.11.2025
3. കേരള സർവകലാശാല ഉത്തരവ് നമ്പർ - 10061/2025/UOK dt. 24.11.2025
4. മഹാത്മാഗാന്ധി സർവകലാശാല ഉത്തരവ് നമ്പർ - No. 10940/AC A 1/2025/MGU dt. 20.11.2025
5. കണ്ണൂർ സർവകലാശാല ഉത്തരവ് നമ്പർ - ഡി ഒ എ / A1/ 631/2025 dt. 20.11.2025
6. കാലിക്കറ്റ് സർവകലാശാല ഉത്തരവ് നമ്പർ - U.O.No. 16272/2025/Admn dt. 26.11.2025

സൂചനകളിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു.

Bar Council of India യുടെ അപ്പ്രൂവൽ നു വിധേയമായി എല്ലാ ലോ കോളേജിലും Transgenders നു നിലവിലെ അനുവദനീയമായ സീറ്റുകളുടെ എണ്ണത്തിനു മേലെയായി രണ്ടു സീറ്റ് കൂടി അനുവദിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് , കേരളത്തിലെ എല്ലാ ലോ കോളേജിലെയും 5 year/ 3year കോഴ്സുകൾക്ക് 2 സീറ്റ് വീതം ഈ വർഷത്തേക്ക് മാത്രമായി സൂപ്പർ ന്യൂമററി ആയി അനുവദിച്ചു കൊണ്ടുള്ള BCI യുടെ ഉത്തരവ് , ബന്ധപെട്ട സർവകലാശാലകളിൽ നിന്നുള്ള അഫിലിയേഷൻ എന്നിവയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ജെൻഡർ വിഭാഗത്തിലുൾപ്പെട്ട അപേക്ഷകർക്ക് ഓരോ കോഴ്സിലേക്കും അധികമായി ( സൂപ്പർ ന്യൂമററി) അനുവദിച്ച 2 സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിനുള്ള നടപടികൾ അതാതു കോളേജ് തലത്തിൽ താഴെ പറയുന്ന നിർദ്ദേശ പ്രകാരം നടത്തേണ്ടതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രവേശന നടപടികളിൽ ഉൾപ്പെടുത്തിയ സർക്കാർ / സ്വാശ്രയ ലോ കോളേജുകളിലെ സംയോജിത പഞ്ച വത്സര / ത്രിവത്സര കോഴ്സുകളിലേയ്ക്ക് ട്രാൻസ്ജെൻഡർ വിഭാഗത്തിലുൾപ്പെട്ട അപേക്ഷകർക്ക് 29.11.2025 രാവിലെ 10 മണി മുതൽ ഉച്ചക്ക്

1 മണി വരെ   അപേക്ഷ അതാത് കോളേജുകളിൽ നേരിട്ട്  സമർപ്പിക്കാവുന്നതാണ്.

<u>നിബന്ധനകൾ</u>

1. ഓരോ കോഴ്സിലേക്കും അധികമായി ( സൂപ്പർ ന്യൂമററി) അനുവദിച്ച സീറ്റുകളുടെ എണ്ണം 2 ആണ്.
2. അപേക്ഷകർ പ്രവേശന പരീക്ഷ കമ്മീഷണർ പ്രസിദ്ധീകരിച്ച  റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടാകണം.
3. ട്രാൻസ്ജെൻഡർ വിഭാഗത്തിൽ ഉൾപ്പെടുന്ന  അപേക്ഷകരാണെന്നു തെളിയിക്കുന്ന തിരിച്ചറിയൽ കാർഡ് ( ട്രാൻസ്ജെൻഡർ പ്രൊട്ടക്ഷൻ ആക്ട് 2019 പ്രകാരം ഫോറം 5 ലോ ഫോം 6 ലോ  ജില്ലാകലക്ടർ/ ജില്ലാ മജിസ്ട്രേറ്റ്  നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ) അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപെട്ട കോളേജിൽ ഹാജരാക്കിയിരിക്കണം .
4. പ്രോസ്പെക്ടസ് ക്ലോസ് 19 പ്രകാരമുള്ള രേഖകൾ ( അല്ലോട്മെന്റ് മെമ്മോ ഒഴികെ ) അപേക്ഷ സമർപ്പിക്കുമ്പോൾ ബന്ധപെട്ട കോളേജിൽ ഹാജരാക്കിയിരിക്കണം.
5. സർക്കാർ / സർവകലാശാല ഉത്തരവ് പ്രകാരമുള്ള ഫീസ് ബന്ധപെട്ട കോളേജിൽ അടയ്ക്കേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിലെ അർഹരായ  അപേക്ഷകരുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ അന്നേ ദിവസം **04.00** മണിക്കകം പ്രവേശനം  നൽകുന്നതാണ് . പ്രവേശന വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണരുടെ പോർട്ടൽ മുഖേനെ **05.00** മണിക്കകം കോളേജ് അധികാരികൾ സമർപ്പിക്കേണ്ടതാണ് .

*<u>നോട്ട്: ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള വിജ്ഞാപനങ്ങൾ , പത്രകുറിപ്പ് എന്നിവ കോളേജുകളുടെ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കേണ്ടതാണ് .</u>*

വിശ്വസ്തതയോടെ,

Signed by

Arun S Nair

Date: 26-11-2025 17:41:19

**പ്രവേശന പരീക്ഷാകമ്മീഷണർ**

ഉള്ളടക്കം : 1. സൂചയിൽ നൽകിയിട്ടുള്ള ഉത്തരവുകൾ

2. ബന്ധപെട്ട വിജ്ഞാപനങ്ങളും പത്രകുറിപ്പും